## MANAGING COMMITTEE 2016

| | | |
|---|---|---|
| Mr. V.Y Thomas | Trustee | 97924739 |
| Mr. Jinu Thomas | Secretary | 60639003 |
| Mr. Raju K | Ex-Officio | 99476337 |
| Mr. Anoop Mathew | Auditor | 90968953 |
| Mr. Mathew Varghese | Auditor | 99781931 |

### COMMITTEE MEMBERS 2016

| | | |
|---|---|---|
| Lovin Thomas | St. Marys Prayer Group | 50923239 |
| Binoy Thankachen | St. Marys Prayer Group | 97329268 |
| Rajan George | St. Johns Prayer Group | 97919178 |
| Rajan Mathai | St. Thomas Prayer Group | 66511549 |
| Shobin Yohannan | St. George Prayer Group | 50330272 |
| Philipose K M | St. George Prayer Group | 66540813 |
| V T Varghese | St. Basil Prayer Group | 96001955 |
| John Varghese | St. Basil Prayer Group | 67004386 |
| Isaac Mathew | St. Gregorios Prayer Group | 99654864 |
| Minu Varghese | St. Gregorios Prayer Group | 50104545 |
| Alexander Y S | St. Dionysios Prayer Group | 99269450 |
| Stephen Thomas | St. Dionysios Prayer Group | 66284410 |

## happy birthday


Angela Shibu


Hanna Jerry Oommen


Abbey Ommen Toms


Kevin Joys



Abel Mathew Shibu


Julia Mary Issac


Jovana Sara Reji


Dani M. Ginu


Nathan Laji Joseph


Sera Elsa Alexander


Mithra Susan Shaju


Sandra Ann Shibu

HEARTFUL WISHES

## Prayer Meeting Schedule for April-2016

**Prayer Group General Secretary : Mr. Mathews Oommen - 69950722**

| | | | | | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 08-04 | Mrs. Jolly Thomas | Parsonage Bldg. | Flr. 03 | Flat 07 | 65064153 |
| 22-04 | Mr. Shibu C Mathew | Behind Telecom. Next to Viva Bldg. | 08 | 39 | 97324043 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 01-04 | Mr. V.T. Varghese | Old Nafisi Building | 07 | 57 | 55902121 |
| 08-04 | Mr. Sunoj Thankachen | Beside Total Workshop | 03 | 14 | 69956163 |
| 29-04 | Mr. Ajoy Jacob George | Opposite to Al Razi Pharmacy, 2nd Bldg. | 06 | 25 | 99182907 |
| **St. Dionysius Prayer (Abbasiya) Sec: Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888 (Time - 5:30 pm)** | | | | | |
| 01-04 | Mr. John George | Successline Bldg (Near Hi-Dine Super Market) | 09 | 9B | 66950733 |
| 22-04 | Mr. Kenny John | LULU Exchange Bldg. | 04 | 14 | 60770656 |
| 29-04 | Mr. Binoy K.J. | Near Holy Star Bldg. (Near Teenage Fashions) | 03 | 09 | 67077130 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Abraham - 60034002 (Time - 5:30 pm)** | | | | | |
| 01-04 | Mr. Ebin Baby | Near Learners School | 08 | 36 | 51077786 |
| 08-04 | Mr. Shaju John | Near Royal City Clinic | 02 | 05 | 66776676 |
| 15-04 | Mr. Shaji Varghese | Near New Highland Market | 04 | 10 | 99198394 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192 (Time-7:30 pm)** | | | | | |
| 08-04 | Mr. Jerry / Mr. Sajan | Bldg. 72, Behind hotel Ramada, New Riggae | 01 | 02 | 66424428 |
| 22-04 | Mr. Ullas Babu | Bldg. 7, Near Della Store, New riggae | 02 | 05 | 66592881 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time-6:30 pm)** | | | | | |
| 15-04 | Mr. Saju Mathew | Building # 2, Block 12, Salmiya | 07 | 21 | 66602890 |
| **St. Thomas Prayer (Farwaniya, Khaitan) Secretary : Mr. Cherian V.T. - 99285095 (Time - 6:30 pm)** | | | | | |
| 08-04 | Mr. Starjet Kurian | Bldg. 28 - Opp. Indian Community School, Khaitan | 03 | 13 | 97924739 |

**Sunday School Talent Scan : April 15th 2016**, Venue : St. John's Hall, Abbasiya
Timing : 10:30 am to 2:30 pm

**OVBS** : Date : 22nd June to 1st July, Venue : St. John's Hall, Abbasiya

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**
Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (09-04-16) 7:00 am to 9:00 am (NECK South Tent)**

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.
*Contact Details* : **Mr. Raju K. : 99476337**
**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**
**Parish Trustee : Mr. V.Y. Thomas. : 97924739, Parish Secretary : Mr. Jinu Thomas : 60639003**

*For private circulation only*

Vol. 3, Issue :4 Parish Bulletin April 2016

# Stephanian

St. Stephens Indian Orthodox Church
Kuwait




## JESUS CHRST IS RISEN ; INDEED HE IS RISEN.

My beloved in Christ, wishing you all a warm greetings in the name of Risen Jesus Christ,

In today's society, insecurity and self-rejection have reached an all-time high. More than ever before, so many people simply don't like themselves. Sadly, Christians are no exception ... Over the years, I have met many people who believe God is angry with them because they haven't "arrived" at the place of perfection. As a result, they live in a state of perpetual frustration-continually rejecting themselves and feeling bad every time they make a mistake.

There's one thing for sure-Jesus didn't give His life for us to walk around feeling guilty and condemned. He wants us to feel good about ourselves and our relationship with Him. And it all starts with discovering our true identity in Christ.

For many years, I tried to please God with my works. It seemed as if I was living on a performance treadmill-always trying to do something to feel good about myself and feel like I was in right standing with Him. In the process, I became weary, worn-out, and unhappy. I would think, Something is just not working. I was right. No matter how much we love God and choose to do what's right, we will always be frustrated if we don't learn this one valuable lesson: Ephesians 2:8 says, "For it is by free grace (God's unmerited favor) that you are saved (delivered from judgment and made partakers of Christ's salvation) through [your] faith. And this [salvation] is not of yourselves [of your own doing, it came not through your own striving]...." There is nothing we can do to earn our salvation or right standing with God...we have been made right with Him through our faith in Jesus Christ. A believer that is lacking this understanding is like a jumbo jet on the runway with no gasoline—he has all the equipment but is going nowhere!

In His mercy, God allowed me to see that there was absolutely nothing I could do to make Him love me any more or less than He already did. All He wanted was for me to believe in Jesus, the One Whom He sent (see John 6:29) and receive the righteousness He provided.

Dearly beloved, as the new academic session 17-2016 begins, our responsibility is that we should submit all the students to the hands of God, so that He may the true guide for their future life and protect them from all evil things.

As a Vicar, I would like to express my sincere gratitude to the outgoing Managing committee for their hard work during last year and at the same time I would like to welcome and congratulate the elected Managing Committee of the Parish and pray that may God guide and help us to work selflessly for the benefit of the community.

May God bless us all. Yours in the service of Lord Jesus Christ.

**Sanju Achen. - Mob.: 90998001**

# ക്രിയാത്മക യുവത്വം



റവ. ഫാ. ഫിലിപ്പ് തരകൻ
OCYM കേന്ദ്ര വൈസ് പ്രസിഡന്റ്

ജീവിതത്തിലെ ഏറ്റവും ചലനാത്മകമായ കാലമാണ് യൗവ്വനം. സർവ്വചലനത്തിന്റെയും ഉറവിടം ദൈവമാണ്. യൗവ്വനത്തിൽ നിന്റെ സ്രഷ്ടാവിനെ അറിഞ്ഞുകൊൾവിൻ എന്ന് വി. വേദപുസ്തകം നമ്മെ ഓർമിപ്പിക്കുന്നു. യൗവ്വനത്തിന്റെ ചലനം ദൈവത്തിൽ അധിഷ്ഠിതമാകണമെന്ന് ഓർമ്മിപ്പിക്കുകയാണ് പ്രസക്ത ആഹ്വാനത്തിലൂടെ ദൈവവചനം ഉദ്ദേശിക്കുന്നത്. ഈശ്വരാധിഷ്ഠിതമല്ലാത്ത ഒരു ചലനവും ക്രിയാത്മകമാവുകയില്ല. യൗവ്വനത്തെ സമഗ്രതയോടെ വേണം വിലയിരുത്തുവാൻ. യൗവനം ക്രിയാത്മകമാക്കാൻ ഉള്ള ചില വഴികൾ.

**1. അറിവു നേടാനുള്ള താൽപ്പര്യം:** അറിവ് അഗ്നിയാണെന്നാണ് ഭാരതീയ പാരമ്പര്യം. അഗ്നി എല്ലാറ്റിനെയും പ്രകാശമാക്കുന്നു. അത് എല്ലാറ്റിനെയും ശുചീകരിക്കുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാണെന്ന് ക്രിസ്തു പറയുന്നു. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭവുമാണ്, സർവ്വ അറിവുകളുടെയും ഉറവിടം ദൈവമാണ്. ബൃഹദാരണ്യോതകോപനിഷത്ത് പറയുന്നു തമസോമാ ജ്യോതിർഗമയ; അജ്ഞാനം ഇരുട്ടാണ്. ജ്ഞാനം വെളിച്ചമാണ്. മഹാഭാരതത്തിലെ ധൃതരാഷ്ട്രരുടെ അന്ധത അജ്ഞതയെ കുറിക്കുന്നു. പുത്രവാത്സല്യം നിമിത്തം നീതികാണുവാൻ കാഴ്ച നഷ്ടപ്പെട്ട ധൃതരാഷ്ട്രർ വലിയ യുദ്ധത്തിന് വഴിയൊരുക്കുകയാണ്. പുതിയ കാലത്തെ എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനം നീതികാണാനുള്ള അറിവ് നഷ്ടപ്പെട്ടതാണ്. ആധുനീക ഭരണാധികാരികൾ അഴിമതിയുടെ സംരക്ഷകരായി തീരുന്നതും അതുകൊണ്ടാണ്. ഭാരതീയ സംസ്കാരത്തിൽ രാജാവ് ധർമ്മസംരക്ഷകനാണ്. പുതിയ ഭാരതത്തിൽ ഭരണാധികാരികൾ അധികാരത്തിന്റെ കാവൽ ഭടൻമാരായിത്തീരുന്നു. ഗുരുക്കൻമാരിലൂടെ, വായനയിലൂടെ, അനുഭവത്തിലൂടെ അറിവ് നേടാൻ സാധിക്കും, മാതാവ്, പിതാവ്, അധ്യാപകൻ, പുരോഹിതൻ ഇവരെല്ലാം ഗുരുക്കൻമാരാണ്. ജീവിതാനുഭവങ്ങളിലൂടെ നാം ധാരാളം അറിവ് പ്രാപിക്കും. എന്നാൽ വായനയിലൂടെ അറിവ് സ്വായത്തമാക്കണമെങ്കിൽ ആഴത്തിലുള്ള വായന വേണം, വായന ഒരു അദ്ധ്വാനമാകണമെങ്കിൽ അതിനുള്ള മനസ്സുവേണം. അറിവ് നേടിയാൽ പോരാ, നേടിയ അറിവുകളെ വിശകലനം ചെയ്യണം. ഉദാഹരണത്തിന് ഒരു വാർത്തയെ വിവിധ പത്രങ്ങൾ അവരുടെ താൽപര്യത്തിനനുസരിച്ചാണ് വ്യാഖ്യാനിക്കുന്നത്. എന്താണ് വാർത്തയിലെ നേര് എന്നത് വിശകലനത്തിലൂടെ കണ്ടെത്താം. ചരിത്രവും അതുപോലെതന്നെയാണ്. ഒരു ചരിത്രസംഭവത്തെ വിവിധ ചരിത്രകാരൻമാർ വിലയിരുത്തുമ്പോൾ അവരവരുടെ താൽപര്യങ്ങൾക്കനുസരിച്ചായിരിക്കും വ്യാഖ്യാനിക്കുന്നത്. എന്നാൽ തനതായ ചരിത്രമറിയണമെങ്കിൽ പഠിതാക്കളുടെ ശരിയായ വിശകലനം വേണം. ഭാരതീയ വിദ്യഭ്യാസ സംവിധാനത്തിൽ ഒരു വ്യക്തിയെ അറിവ് നേടാൻ പ്രാപ്തനാക്കുക എന്നതാണ് ഉദ്ദേശ്യം, അറിവുകൾ കുത്തിനിറയ്ക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യമല്ല. അറിവിനെ Wisdom, Knowledge, Information എന്നിങ്ങനെ തിരിക്കാം. ടി.എസ് ഏലിയറ്റ് എന്ന കവി wasteland എന്ന കവിതയിൽ അതിനെപ്പറ്റി പറയുന്നത് where is the Wisdom, We have lost in knowledge, Where is the knowledge we have lost in information എന്നു പറയുന്നു. അറിവിന്റെ ഉയർന്ന തലമാണ് Wisdom അത് ഉൾക്കാഴ്ചയാണ്. ഈശ്വരാനുഭവത്തിലൂടെയാണ് അത് പ്രാപിക്കുവാൻ കഴിയുന്നത്.

ഒരു ചിന്തകൻ ജനങ്ങളെ മൂന്നായിതരംതിരിക്കുന്നു.
1.സാധാരണ ജനങ്ങൾ: അവർ സാധാരണ കാര്യങ്ങൾ അന്വേഷിക്കുന്നു
2.ആവറേജ് ജനങ്ങൾ: അവർ സംഭവങ്ങൾ അന്വേഷിക്കുന്നു.
3.ഉന്നതചിന്തയുള്ളവർ: അവർ ആശയങ്ങൾ അന്വേഷിക്കുന്നു.

നിശ്ചയമായും വരുന്ന കാലത്തിന്റെ ഗതി നിയന്ത്രിക്കേണ്ടവരാണ് യുവജനങ്ങൾ. ഉന്നത ആശയങ്ങൾ പുലർത്തുന്ന നേതൃത്വം തന്നെ കാലത്തിന്റെ ആവശ്യകതയാണ്. അതുകൊണ്ട് അറിവ് നേടുന്ന കാര്യത്തിൽ ആധുനിക യുവജനങ്ങൾ പിന്നോക്കം പോകരുത്. വായന കുറയുന്ന ലോകമാണിത്. മനുഷ്യനെയും മനസ്സിനെയും അതിന്റെ ആത്യന്തീക തലത്തിൽ മനസ്സിലാക്കുന്നതിൽ മനുഷ്യൻ പരാജയപ്പെടുന്ന കാലമാണ്. ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ സയൻസ് & ടെക്നോളജിയിൽ പഠനം നിർവ്വഹിച്ച് ആത്മഹത്യചെയ്ത രോഹിത് വെമൂല തന്റെ ആത്മഹത്യാകുറിപ്പിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. 'ഞാൻ ശാസ്ത്രത്തെയും നക്ഷത്രത്തെയും പ്രകൃതിയേയും മനുഷ്യരേയും സ്നേഹിച്ചു, മനുഷ്യർ പ്രകൃതിയിൽ നിന്ന് അകന്നു ജീവിക്കാൻ തുടങ്ങിയിട്ട് ഒരുപാട് നാളായെന്നറിയാതെ'. നമ്മുടെ വികാരങ്ങൾ രണ്ടാം തരമാണ്. നമ്മുടെ സ്നേഹം നിർമ്മിതമാണ്, നമ്മുടെ വിശ്വാസം നിറം പിടിച്ചവയാണ്. കൃത്രിമ കലകളിലൂടെയാണ് നമ്മുടെ മൗലീകത സാധുവായിത്തീരുന്നത്. അറിവുകൾ നമ്മളിൽ സ്നേഹവും മനുഷ്യത്വവും പ്രകൃതി സ്നേഹവും നിറയ്ക്കണം. ആത്യന്തീക അറിവ് നേടാൻ യുവത്വം തയ്യാറാകണം.

**2.നല്ല കർമ്മം**

'കർമ്മണ്യേ വാധികാരസ്ഥോ മാഫലേ കദാചന' എന്ന ഭഗവത് ഗീത പറയുന്നു. കർമ്മനിരതമായ യൗവനം ക്രിയാത്മക യുവത്വത്തിന്റെ അനിവാര്യതയാണ്. ആയിരത്തി നാന്നൂറ്റി നാൽപത് മിനിട്ട് ഒരു ദിവസത്തിൽ നമ്മുക്കായി ഒരുങ്ങുന്നുണ്ട് അത് ആയിരത്തി നാന്നൂറ്റി നാൽപത് സാഹചര്യങ്ങൾ സൃഷ്ടിക്കുവാനുള്ള അവസരങ്ങളാണ്. കർമ്മത്തോടുള്ള നമ്മുടെ മനോഭാവമാണ് അതിൽ നിന്നും ലഭിക്കുന്ന പ്രതിഫലം നിശ്ചയിക്കുന്നത്. Sense of mission എന്നാണ് മന:ശാസ്ത്രജ്ഞൻമാർ ഇതിനെപ്പറ്റി പറയുന്നത്. അർജ്ജുനൻ അമ്പെയ്തപ്പോൾ കിളിയുടെ കണ്ണുകൾ മാത്രം കാണുന്നതുപ്പോലെ അദ്ധ്വാനത്തിന് ഏകാഗ്രമായ ലക്ഷ്യം ഉണ്ടായിരിക്കണം. കർമ്മങ്ങൾക്ക് നമ്മുടെ ഉള്ളിലെ സമഗ്രസാധ്യതകളെ പ്രകാശിപ്പിക്കുവാനുള്ള കഴിവ് വേണം. തിബറ്റിലെ ലാമമാരുടെ ആശ്രമത്തിൽ മറ്റൊരാളേയും ജോലി ചെയ്യുവാൻ കയറ്റുകയില്ല. പ്രസംഗവും, പ്രാർത്ഥനയും, തൂപ്പും, പാചകവും എല്ലാം സന്യാസിമാർ മാത്രമാണ് ചെയ്യുന്നത്. അതിന്റെ ഉദ്ധേശ്യം അവരിലെ സമഗ്ര വ്യക്തിത്വത്തെ വളർത്തിയെടുക്കുക എന്നാണ്. നമ്മുടെ കർമ്മങ്ങൾ നമ്മുടെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്നതാണ്. അദ്ധ്വാനിക്കാനുള്ള കഴിവും അവസരവും ഈശ്വരനിൽ നിന്ന് ലഭിക്കുന്നതാണ് എന്ന് ഭാരതീയ ചിന്ത. കർമ്മത്തിൽ മുഴുകിയിരിക്കുന്നവർ എന്റെ അടുക്കലേക്ക് വരണമെന്ന് ക്രിസ്തു അഹ്വാനം ചെയ്തു. അഞ്ചു താലന്തു സമ്പാദിച്ചവൻ വിശ്വാസ്തനും, താലന്തുകൾ കുഴിച്ചിട്ടവൻ ശാപഗ്രസ്ഥനുമായി. കർമ്മത്തെ ഒഴിവാക്കികൊണ്ടുള്ള ഒരു തീർത്ഥാടനത്തെ പരി.സഭ പ്രോത്സാഹിപ്പിക്കുന്നില്ല. ഭാരതീയ വികസനത്തെപ്പറ്റി സ്വാമി വിവേകാനന്ദന് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. we have to merge indian religion with western technology എന്നാണ് അദ്ധേഹം അഭിപ്രായപ്പെട്ടത്. പൗരസ്ത്യ അധ്യാത്മികതയിലൂന്നിയ പാശ്ചാത്യ സാങ്കേതികവിദ്യ പുതിയ കാലത്തിന്റെ കർമ്മ മേഖലയെ ഊർജ്ജസ്വലമാക്കും. വള്ളവും, വലയും, കടലും, മത്സ്യസമ്പത്തും പത്രോസിനും കൂട്ടർക്കും തീബര്യോസിൽ ഉണ്ടായിരുന്നു. അദ്ധ്വാനഫലം ശൂന്യതയായിരുന്നു. അവരുടെ പ്രവൃത്തി ക്രിസ്തുവാക്കുകൾക്ക് അനുസൃതമായപ്പോൾ അവർക്ക് ഫലം കണ്ടെത്താനായി. അദ്ധ്യത്മികതയിൽ അധിഷ്ഠിതമായ കർമ്മ പദ്ധതിയുടെ ആവിഷ്കാരം യൗവ്വനത്തെ ക്രിയാത്മകമാകും.

**3.സമർപ്പണമനോഭാവം**

'തന്നത്താൻ ത്യജിച്ച് ക്രൂശെടുത്ത് അനുഗമിക്കുക' ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് ചെല്ലുവാനുള്ള ആഹ്വാനമാണ്. പ്രത്യേക ലക്ഷ്യത്തിനായി സ്വയം അർപ്പിക്കുന്ന അനുഭവമാണ് സമർപ്പണം. അദ്ധ്യാത്മിക മേഖലയിൽ മാത്രമല്ല ഈ പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളിലും അർപ്പണം ആവശ്യമാണ്, ഇതിനെ Committment എന്നോ self belonging എന്നൊക്കെ പറയാം. ഏതെങ്കിലും പ്രവർത്തനത്തോട് പ്രതിജ്ഞാബദ്ധരായിരിക്കുക എന്നതാണ് Committment എന്നതിന്റെ അർത്ഥം. എന്തിന്റെയെങ്കിലും ഭാഗമായി അതിനോട് ലയിച്ചു ചേരുക എന്നതാണ് self belonging എന്നതിന്റെ അർത്ഥം, ബന്ധങ്ങൾ, തൊഴിൽ, സമൂഹം, സഭ, പ്രകൃതി ഇവയോടെല്ലാം അർപ്പണമനോഭാവം വേണം, അർപ്പണം നഷ്ടപ്പെട്ട മേഖലകൾ നരകങ്ങളായി മാറും. സമർപ്പണം നഷ്ടപ്പെട്ട സൈനികൻ തെറ്റുക്കാരനാകും. സമർപ്പണം നഷ്ടപ്പെട്ട ബന്ധങ്ങൾ വഴിപരിയലിൽ അവസാനിക്കും.

ആദാമിനും ഹവ്വായ്ക്കും ഏദൻതോട്ടത്തിൽ നഷ്ടപ്പെട്ട സമർപ്പണമാണ് പറുദീസാനഷ്ടത്തിലേക്ക് അവരെ നയിച്ചത്, ജീവിതത്തിൽ നിന്നും പറുദീസാ നഷ്ടമാകുന്നത് അർപ്പണം നഷ്ടപ്പെടുമ്പോഴാണ്. ഇന്നലെകളിൽ നൻമകളുള്ളവർ അവരുടെ ജീവിതം സമർപ്പിതമാക്കിയതാണ് ഇന്നിന്റെ നൻമകളായി നമ്മൾ അനുഭവിക്കുന്നത്. സ്വാർത്ഥതയും സങ്കുചിതത്വവും അവസാനിക്കുന്നിടത്തു നിന്നാണ് സമർപ്പണം ആരംഭിക്കുന്നത്. മഹാഭാരതത്തിൽ വ്യാസൻ പറയുന്നു "ഒരാൾ തന്റെ ശരീരവും ജീവനും കുടുംബത്തിനുവേണ്ടി അർപ്പിക്കണം. കുടുംബത്തെ ഗ്രാമത്തിനായി അർപ്പിക്കണം. ഗ്രാമത്തെ രാഷ്ട്രത്തിനുവേണ്ടി അർപ്പിക്കണം, മാനവജാതിക്കു വേണ്ടി രാഷ്ട്രത്തെ അർപ്പിക്കണം". നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സനേഹിക്കുക എന്ന് ക്രിസ്തു പറയുന്നത് ഒരുത്തൻ ഒരുത്തനുവേണ്ടി അർപ്പിതമായിതീരണം എന്നർത്ഥത്തിലാണ്.തിൻമകൾക്കുവേണ്ടി അർപ്പിക്കപ്പെടുന്നത് അപകടമാണ്. ഭീകരവാദത്തിനും, തീവ്രവാദ പ്രവർത്തനങ്ങൾക്കും വേണ്ടി സമർപ്പിക്കപ്പെടുന്ന യുവത്വം പുതിയ കാലത്തിന്റെ ഏറ്റവും വലിയ ഭീഷണിയാണ്. വിനാശത്തിലൂടെ വിപ്ലവം വിതയ്ക്കാം എന്നത് അപകടകരമായ ചിന്തയാണ്. ഹിറ്റ്ലറും മുസ്സോളിനിയുമൊക്കെ ഈ രീതിയിൽ ചിന്തിച്ചവരാണ്. ഇവിടെയാണ് അർപ്പണത്തിന്റെ മാതൃകയായി ക്രിസ്തു മാറുന്നത്. ദൈവബന്ധത്തിലൂടെ ക്രിയാത്മക പ്രവർത്തനത്തിലൂടെ എങ്ങനെ പ്രപഞ്ചത്തെ രക്ഷയിലേക്ക് നയിക്കാം എന്ന് ക്രിസ്തു ലോകത്തെ പഠിപ്പിച്ചു. തിൻമകളെ നിശിതമായി വിമർശിച്ചു. ആയുധങ്ങളും ബോംബുകളും അതിക്രമങ്ങളും സാമൂഹ്യ വിപത്താണ്. അത് ഉപയോഗിക്കാനുള്ള അർപ്പണം അപകടകരമാണ്. കഴിവുകളുടെ സമർപ്പണത്തിലൂടെ പരസ്പരം പങ്കിടുന്ന വ്യവസ്ഥിതിയുടെ വക്താക്കളായി യുവാക്കൾ തീരണം. പുതിയ കാലം നേരിടുന്ന പ്രതിസന്ധിയുടെ ഉത്തരമാണിത്. ക്രിയാത്മകയുവത്വം നമ്മുടെ ലോകത്തെ ക്രിയാത്മകമായി പരിവർത്തിപ്പിക്കും.